**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4538** **10-08-2021 - ൽ മറുപടിയ്ക്ക്**

**കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. വിജ്ഞാപനം കാറ്റഗറി നം. 254/2018 പ്രകാരമുള്ള യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സർവ്വകലാശാല – 8 ഒഴിവുകൾ കണ്ണൂർ സർവ്വകലാശാല – 5 ഒഴിവുകൾ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല – 1 ഒഴിവ് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - 23 ഒഴിവുകൾ കാലിക്കറ്റ് സർവ്വകലാശാല - 29 ഒഴിവുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 18 ഒഴിവുകൾ പി.എസ്.സി. മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എം. ജി. യൂണിവേഴ്സിറ്റിയിലെ ഇരുപത്തിരണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 18 ഒഴിവുകൾ പി.എസ്.സി. മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച ഫയൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. സിൻഡിക്കേറ്റിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കേരളത്തിലെ ഏതെല്ലാം യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളാണ് ഈ ലിസ്റ്റിൽ നിന്ന് നികത്തുന്നതെന്ന് അറിയിക്കാമോ; | (സി) | കേരള സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ന്യൂവാൽസ്. |
| (ഡി) | ഇനിയും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത യൂണിവേഴ്സിറ്റികൾക്ക് നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മഹാത്മാഗാന്ധി സർവ്വകലാശാല നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് സർവ്വകലാശാലകൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ